## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 886** **29/09/2011-ൽ മറുപടിക്ക്**

## പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ: | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | മുൻ അദ്ധ്യയന വർഷം നടത്തിക്കൊണ്ടിരുന്ന ക്ലസ്റ്റർ പരിശീലനം, തൽസ്ഥല പിന്തുണാ സംവിധാനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ പദ്ധതികൾ തുടർന്നു വരുന്നു. കൂടാതെ ഈ വർഷം മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായി ഓണപരീക്ഷ നടത്തുകയുണ്ടായി. മുൻ വർഷങ്ങളിൽ അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾ മാത്രമാണ് നടത്തിയിരുന്നത്. പെൺകുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനു വേണ്ടി ഹെൽപ്പ് ഡെസ്ക്കുകൾ, വിദ്യാലയ സമയത്തിനു ശേഷം പഠന സൗകര്യം ഒരുക്കുന്നതിനുള്ള പഠന വീടുകൾ, എൽ.പി./യു.പി. ക്ലാസ്സുകളിലെ പഠനം മെച്ചപ്പെടുത്താനായുള്ള വിവിധ പദ്ധതികൾ, തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ